# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4839        26.06.2019 -ലെ മറുപടിയ്ക്ക്**

## സർവ്വകലാശാലകളുടെ അക്കാദമിക് നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ജെ. മാക്സി | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനും അക്കാദമിക് രംഗത്തെ പുരോഗതിയ്ക്കുമായി ഈ സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പരിപാടികളും പദ്ധതികളും സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. സർവ്വകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനവും മികവും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രെയ്ഡ് ചെയ്യാനും സ്ഥാപനങ്ങളെ ദേശീയതല വിലയിരുത്തലിന് (NAAC അക്രഡിറ്റേഷന്) തയ്യാറെടുപ്പിക്കാനും ആരംഭിച്ചിട്ടുള്ള SAAC (State Assessment and Accreditation Centre), സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ ആരംഭിച്ചിരിക്കുന്ന Faculty Training Centre (FTC), സർവ്വകലാശാലകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും നോബൽ സമ്മാനജേതാക്കളടക്കമുള്ള പ്രമുഖ പണ്ഡിതരുമായി നേരിട്ട് സംവദിക്കാൻ അവസരമൊരുക്കുന്ന എറുഡൈറ്റ് പദ്ധതി (Erudite-Scholar in Residence Scheme), ഓരോ പ്രോഗ്രാമിനു പ്രവേശനം തേടുന്ന വിദ്യാർത്ഥികൾ പഠനത്തിലൂടെ ആർജിക്കുന്ന കഴിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കണമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രഖ്യാപിക്കുന്ന ഫലാധിഷ്ഠിത ബോധന - പഠന രീതി (Outcome Based Education &Graduate Attributes) പ്രയോഗതലത്തിൽ കൊണ്ടുവരാൻ നടത്തി വരുന്ന ആസൂത്രിത യജ്ഞം, കാലോചിതമായി കരിക്കുലം പരിഷ്ക്കരിക്കാൻ നടത്തി വരുന്ന ശ്രമങ്ങൾ, മിടുക്കരായ വിദ്യാർത്ഥികളെ നോൺ - പ്രഫഷണൽ പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കാൻ നടപ്പി |

| | | | |
|---|---|---|---|
| | | | ലാക്കിവരുന്ന ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് പദ്ധതി, പ്രാദേശിക തലത്തിൽ വിവിധ കോളേജുകളുടെ അക്കാദമിക-ഭൗതിക വിഭവങ്ങൾ പങ്കുവെയ്ക്കാൻ അവസരമൊരുക്കുന്ന ക്ലസ്റ്റർ കോളേജ് പദ്ധതി, സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തി എല്ലാ വർഷവും നൽകിവരുന്ന ചാൻസലേഴ്സ് അവാർഡ്, സർവ്വകലാശാലകളെയും കലാലയങ്ങളെയും സമൂഹവുമായി അടുപ്പിച്ച്, ഉന്നത വിജ്ഞാനത്തിന്റെ ജനാധിപത്യവത്ക്കരണം സാദ്ധ്യമാക്കാൻ ആവിഷ്ക്കരിച്ചിരിക്കുന്ന പ്രബുദ്ധത പദ്ധതി തുടങ്ങിയവ യൂണിവേഴ്സിറ്റികളുടെ നിലവാര വർദ്ധനവ് ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന പദ്ധതികളും പരിപാടികളുമാണ്. |
| (ബി) | ഇതിന്റെ ഭാഗമായി ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കുവാനാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ; | (ബി) | പരമ്പരാഗത കോഴ്സുകൾ കൂടാതെ സമൂഹത്തിന് പൊതുവെയും വിദ്യാർത്ഥി സമൂഹത്തിന് പ്രത്യേകമായും പ്രയോജനപ്രദമായിട്ടുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ വിവിധ സർവ്വകലാശാലകൾ നടത്തിവരുന്നു. വർദ്ധിച്ച തൊഴിലവസരം പരിഗണിച്ച് പുതുതായി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ബിരുദം തുടങ്ങുവാനും തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകികൊണ്ട് പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ എന്നീ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | മലബാർ മേഖലയിൽ ഇപ്പോഴും കാലഹരണപ്പെട്ട കോഴ്സുകളാണ് പഠിപ്പിക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാനും ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂല പരിഷ്കരണം വരുത്തുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ.